By Special messenger

# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് – ജീവനക്കാര്യം - ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പേര് "കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് "എന്ന് പുനർ നാമകരണം ചെയ്തു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (കൈ) നം.24/15/ധന തിരുവനന്തപുരം, തീയതി : 14.01.2015**

പരാമർശം:- 1) കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് അസോസിയേഷന്റെ 18/04/2013 ലെ നിവേദനം.

2 ) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 20/04/2013 ലെ എൽ.എഫ് 7287/എസ്.എസ് 4/2013 നമ്പർ കത്തും 19/05/2014 ലെ എൽ.എഫ് 8660/എസ്.എസ് 4/2014 നമ്പർ കത്തും

## ഉത്തരവ്

1. 'ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്' എന്ന പേര് വകുപ്പിന് നൽകിയത് ബ്രിട്ടീഷ് ഭരണ കാലത്താണെന്നും അന്നത്തെ ഡിസ്ട്രിക്ട് ബോർഡുകൾ, നഗരസഭകൾ, പഞ്ചായത്തുകൾ തുടങ്ങിയവയുടെ തദ്ദേശ ഫണ്ടുകൾ മാത്രം ഓഡിറ്റ് ചെയ്യുന്ന വകുപ്പ് എന്ന നിലയിലായിരുന്നു ടി നാമകരണമെന്നും എന്നാൽ ഇപ്പോൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു പുറമെ സർവ്വകലാശാലകൾ, ബോർഡുകൾ, ക്ഷേമനിധികൾ, വികസന അതോറിറ്റികൾ, കലാസാംസ്കാരിക സ്ഥാപനങ്ങൾ, അനാഥശാലകൾ, ദേവസ്വം ബോർഡുകൾ, ക്ഷേത്രങ്ങൾ തുടങ്ങി 8863 സ്ഥാപനങ്ങളുടെ ഓഡിറ്റും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തുന്നുണ്ടെന്നും ടി വകുപ്പിന്റെ പ്രവർത്തന പരിധി പ്രാദേശിക ഫണ്ടുകളുടെ ഓഡിറ്റിൽ മാത്രം ഒതുങ്ങുന്നില്ലെന്നും ആയതിനാൽ ടി വകുപ്പിന്റെ പേര് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് എന്നു മാറ്റികൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം 1 പ്രകാരം കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് അസോസിയേഷനും പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറും ആവശ്യപ്പെട്ടുകയുണ്ടായി.

2. സർക്കാർ വസ്തുതകൾ വിശദമായി പരിശോധിച്ചു. അതിൻപ്രകാരം "പുനർനാമകരണം മൂലം വകുപ്പിന്റെ കടമകൾക്കും ചുമതലകൾക്കും മാറ്റമുണ്ടായിരിക്കുന്നതല്ലെന്നും ഇക്കാരണത്താൽ പുതുതായി അധിക തസ്തികകൾ ഒരിക്കലും സൃഷ്ടിക്കാൻ പാടുള്ളതല്ല" എന്നീ വ്യവസ്ഥകൾക്കു

വിധേയമായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പേര് "കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്" എന്ന് പുനർ നാമകരണം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു . കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994 ൽ ഇതു സംബന്ധിച്ച ഭേദഗതി ധനകാര്യ വകുപ്പിൽ നിന്നും പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ഡോ. കെ.എം.എബ്രഹാം**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ജി&എസ്എസ്എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ) കേരള, തിരുവനന്തപുരം
ഡയറക്ടർ , ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ ഓഫീസ് (07.01.2015 ലെ മന്ത്രി സഭാ യോഗതീരുമാനം ഇനം നമ്പർ 6219)
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറിയ്ക്ക്.
ഫിനാൻസ് എക്സ്പെന്റിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പ്.
നോഡൽ ഓഫീസർ, W.W.W.finance.Kerala.gov.in
ഡയറക്ടർ,ട്രഷറി വകുപ്പ്,തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Renadevi
സെക്ഷൻ ഓഫീസർ